**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 780 — 16/07/2014 ൽ മറുപടിയ്ക്ക്

**ബയോമെഡിക്കൽ മാലിന്യങ്ങളുടെ സംസ്കരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വർക്കല കഹാർ**<br>**ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി**<br>**ശ്രീ. പി.എ. മാധവൻ**<br>**ശ്രീ. ആർ. സെൽവരാജ്** | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**ഊർജ്ജ വകുപ്പുമന്ത്രി** |

| | |
|---|---|
| (എ) നഗരങ്ങളിലെ ആശുപത്രികളിൽ നിന്നുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഉണ്ട്; നിയമപരമായി ഇതിന്റെ ഉത്തരവാദിത്വം അതുണ്ടാക്കുന്ന സ്ഥാപനത്തിനു<br>(ബി) തന്നെയാണ്. ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ കൂടുതൽ പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സെക്ടർ സ്കീമിൽ (CSS) ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കി സംസ്ഥാനത്ത് പൊതു ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി തൽപ്പരകക്ഷികളിൽ നിന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് expression of interest ക്ഷണിച്ചിരുന്നു. മേൽ പദ്ധതിയിൽ ഒരു പ്ലാന്റിന് കേന്ദ്ര സർക്കാരിന്റെ പരമാവധി വിഹിതം 1 കോടി രൂപയാണ്. സംസ്ഥാന സർക്കാരിന്റെ വിഹിതത്തിന് തത്തുല്യമായ തുകയാണ് കേന്ദ്രസർക്കാരിൽ നിന്നും പദ്ധതി വിഹിതമായി ലഭ്യമാക്കുന്നത്. ഇതു പ്രകാരം കേരള എൻവിറോ ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ് (KEIL) ഇത്തരത്തിലുള്ള പൊതു സംവിധാനത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ അമ്പലമേടിൽ പൊതു ഹസാർഡസ് വേസ്റ്റ് ഡിസ്പോസൽ ഫെസിലിറ്റിക്കായി നീക്കി വെച്ചിട്ടുള്ള 50 ഏക്കർ സ്ഥലത്തു തന്നെ 2.5 ഏക്കർ സ്ഥലം പ്രത്യേകം വേർതിരിച്ച് ബയോമെഡിക്കൽ വേസ്റ്റ് ഫെസിലിറ്റിക്കായി മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്. ബോർഡ് അതിന് സ്ഥാപനാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോഴിക്കോട് കിനാലൂർ വ്യവസായ എസ്റ്റേറ്റിൽ മലബാർ എൻവിറോ |

| | | | |
|---|---|---|---|
| | | | വിഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനം സ്ഥലം കണ്ടെത്തി. ബോർഡ് അതിന് സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഇന്ത്യൻ മെഡിക്കൽ അസോസി യേഷൻ (ഐ.എം.എ.), പാലക്കാട്, പുതുശ്ശേരിയിൽ പ്രവർത്തിപ്പിച്ചു വരുന്ന പൊതു സംവിധാനത്തിന് പുറമേ തിരുവനന്തപുരം ജില്ലയിൽ പാലോട് ഒരു പൊതു സംവിധാനം ഏർപ്പെടുത്തുന്നതിന് മലിനീകരണ നിയ ന്ത്രണ ബോർഡിൽ നിന്നും സ്ഥാപനാനുമതി നൽകിയിട്ടുണ്ട്.<br>ബയോമെഡിക്കൽ മാലിന്യ നിർമ്മാർജന ത്തിന് സ്വന്തമായി സംവിധാനം ഏർപ്പെടുത്തു ന്നത് ഭാരിച്ച ചെലവ് വരുന്നതിനാൽ പൊതു സംവിധാനം ഏർപ്പെടുത്തുന്നതാണ് അഭി കാമ്യം. ബയോമെഡിക്കൽ മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുക എന്നു ദ്ദേശിച്ചാണ് കൂടുതൽ പൊതു സംവിധാനങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ കൈക്കൊള്ളു ന്നത്. |
| (സി) | ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കു ന്നത്; വിശദമാക്കുമോ; | (സി) | കേരള എൻവിറോ ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ് (KEIL), മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എന്നീ മൂന്ന് ഏജൻസികൾക്കാണ് മലിനീകരണ നിയ ന്ത്രണ ബോർഡിൽ നിന്നും സ്ഥാപനാനുമതി നൽകിയിരിക്കുന്നത്. |
| (ഡി) | പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | പദ്ധതികൾക്കായി മുന്നോട്ടു വന്ന മൂന്ന് ഏജൻസികളും ബോർഡിന്റെ സ്ഥാപനാ നുമതി നേടിയിട്ടുണ്ട്. ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവു പ്രകാരം പൊതു ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജന സംവിധാനത്തിന് എൻവയൺമെന്റ് ഇംപാക്റ്റ് അസ്സസ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള പാരിസ്ഥിതിക അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ